ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: നിയമിച്ചുകഴിഞ്ഞിട്ട് ജോലിയിൽ പ്രവേശിക്കാത്ത എത്ര ഡോക്ടർമാരുണ്ട്? ലീവ് എടുത്തു നിൽക്കുന്നവരെത്ര പേരുണ്ട്?

ശ്രീ. കെ. കരുണാകരൻ: പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ നമുക്ക് മുഴുവനും കളക്ട് ചെയ്യാം.

(2) കോട്ടയം–മധുര റെയിൽവേ ലൈൻ നിർമ്മാണം

ശ്രീ. ഇ.ജെ. ലൂക്കോസ്: സർ, സാംസ്കാരിക കേന്ദ്രമായ കോട്ടയം പട്ടണവും തീർത്ഥാടനകേന്ദ്രമായ മധുരയും തമ്മിൽ ബന്ധിപ്പിക്കുന്ന കോട്ടയം–മധുര റെയിൽവേലൈൻ ആരംഭിക്കണമെന്നുള്ളകാര്യം ഇവിടെ സൂചിപ്പിക്കുവാനാണ് ഞാൻ ഈയവസരം ഉപയോഗിക്കുന്നത്. പത്രത്തറവാടിലെ മുത്തശ്ശിയായ മലയാള മനോരമയുംപ്പെടെയുള്ള പത്രങ്ങളും നടത്തുന്ന കേന്ദ്രം, അതുപോലെ അനുകൂലിച്ചും പ്രതികൂലിച്ചും "മ" മാസികകളും ആരംഭിക്കുന്ന കേന്ദ്രം എന്നെല്ലാം എല്ലാവരും അംഗീകരിക്കുന്ന ഒരു പ്രദേശമാണ് കോട്ടയം. ഏതായാലും അങ്ങനെയുള്ള കോട്ടയം പട്ടണവും മധുരയും തമ്മിൽ ബന്ധിപ്പിക്കുന്ന റെയിൽവേലൈൻ ആരംഭിക്കണമെന്ന് ഞാൻ ഇതിനുമുമ്പ് പല അവസരങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. 1973–ൽ പീരുമേട് നിയോജകമണ്ഡലത്തിൽനിന്ന് പാർലമെന്റിൽപോയ എം.എം. ജോസഫ് അന്ന് റെയിൽവേ ഉപദേശകസമിതിയിലെ അംഗംകൂടിയായിരുന്നു. അദ്ദേഹം ഈ റെയിൽവേ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുകയും അതിന് അനുകൂലമായ മറുപടി പറയുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യപ്പെട്ട നിയമവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിതന്നെ നിയമസഭാമെമ്പർ എന്നുള്ള നിലയ്ക്ക് ഈ വേദിയിൽ ഇതേപ്പറ്റി സംസാരിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലായി പീരുമേട്ടിലെ ബഹുമാനപ്പെട്ട എം.എൽ.എ., കെ.കെ. തോമസ് ഈ 7–ാം തീയതി ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി കേരളത്തിൽവന്ന് തേക്കടി സന്ദർശിച്ചയവസരത്തിൽ ഇതേസംബന്ധിച്ച് ഒരു നിവേദനം നൽകിയിട്ടുണ്ട്. ഈ റെയിൽവേയെ സംബന്ധിച്ചിടത്തോളം കോട്ടയത്തുനിന്ന് പാമ്പാടി, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, കുമിളി, തേനി വഴിയാണ് ഈ റെയിൽവേ ആരംഭിക്കേണ്ടത്. ഇടുക്കിജില്ലയെ സംബന്ധിച്ചിടത്തോളം ഇടുക്കിജില്ലയിലുള്ള കാർഷികോൽപ്പന്നങ്ങളും വ്യാവസായികോൽപ്പന്നങ്ങളും വിറ്റഴിക്കണം. അതുപോലെ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ആളുകൾക്ക് സഞ്ചരിക്കണം. ഇതിനെല്ലാം ഏറ്റവും പ്രധാനപ്പെട്ട ഒരു റെയിൽവേയാണ് ഈ കോട്ടയം–മധുര റെയിൽവേ ലൈൻ. തേനിയെന്നുപറയപ്പെടുന്ന സ്ഥലം വലിയ ധാന്യസംഭരണകേന്ദ്രമാണ്. കേരളത്തിൽ ആവശ്യമുള്ള ധാന്യം കൊണ്ടുവരണമെങ്കിൽ ഈ രീതിയിലുള്ള റെയിൽവേയുണ്ടാകണം. അതുപോലെതന്നെ ഇടുക്കിജില്ലയിൽത്തന്നെ ഏകദേശം രണ്ടുലക്ഷം മെട്രിക്ടൺ കുരുമുളക് ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ഏലം മൂവായിരം മെട്രിക് ടൺ, കാപ്പി അൻപതിനായിരം മെട്രിക് ടൺ, തേയില ഒരുലക്ഷം മെട്രിക് ടൺ, റബ്ബർ കോട്ടയം ഇടുക്കിജില്ലകളിലായി അഞ്ചുലക്ഷം മെട്രിക് ടൺ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങളും വിറ്റഴിക്കണം. അതുപോലെ ആവശ്യമായിട്ടുള്ള വിത്ത്, വളം,

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ശ്രദ്ധിക്കണം. ഏറ്റവും കൂടുതൽ തീർത്ഥാടകരെ ആകർഷിക്കുന്ന ശബരിമലയിലേക്കായാലും അതുപോലെ തന്നെ മേഖലയിലെ സുഖവാസകേന്ദ്രമായ പീരുമേട്, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിലേക്കായാലും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഈ റെയിൽവേയുടെ നിർമ്മാണം ഏറ്റവും അത്യാവശ്യമായിട്ടുള്ള കാര്യമാണ് എന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

നമ്മുടെ വ്യവസായത്തിനും കേരളത്തിന് വെളിയിൽ മധുര തുടങ്ങിയുള്ള പ്രദേശങ്ങളിലേക്ക് വർഷംതോറും വിനോദയാത്ര പോകുന്നുണ്ട്. കാഞ്ഞിരപ്പള്ളി താലൂക്കിൽ 20 ശതമാനത്തോളവും പീരുമേട് താലൂക്കിൽ 60 ശതമാനത്തോളവും തമിഴ്നാട്ടിൽ നിന്നും തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അവർക്കെല്ലാം സഞ്ചരിക്കുന്നതിന് വിധത്തിൽ മദ്ധ്യകേരളത്തിലെ വ്യാവസായിക കേന്ദ്രമായ കോട്ടയം പട്ടണം മധുരയുമായും ബന്ധിപ്പിക്കുന്ന ഈ റെയിൽവേയുടെ നിർമ്മാണത്തിന് ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, ബഹുമാനപ്പെട്ട ഇ.ജെ. ലൂക്കോസിന്റെ വികാരത്തോട് ഞങ്ങളും യോജിക്കുകയാണ്. ഇൻഡ്യയുടെ സാംസ്കാരികകേന്ദ്രമെന്നോ തീർത്ഥാടനകേന്ദ്രമെന്നോ വിശേഷിപ്പിക്കാവുന്ന കേരളത്തിലെ രണ്ട് സുന്ദരമായ പ്രദേശങ്ങളാണ് കോട്ടയവും പശ്ചിമഘട്ടവും. ഈ കോട്ടയത്തേയും പശ്ചിമഘട്ടത്തേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മധുരയിലേക്ക് ഒരു റെയിൽവേ ലൈൻ ഉണ്ടാകണമെന്നുള്ളത് ഈ രാജ്യത്തെ ആളുകളുടെ ഒരു ചിരകാലാഭിലാഷമാണ്. അതിനു വേണ്ടി കേന്ദ്രറെയിൽവേ ബോർഡിലേക്കും കേന്ദ്രഗവൺമെന്റിലേക്കും ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ലൂക്കോസിന്റെ ശ്രദ്ധക്കും സ്മയുടെ ശ്രദ്ധക്കും വേണ്ടി ഒരു കാര്യം പറയാനുള്ളത് ഗവൺമെന്റ് അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളത് നമ്മുടെ കൊച്ചിൻ-മധുര റെയിൽവേ ലൈനിന് പുറമേയാണ്. നമ്മുടെ ഗവൺമെന്റ് ആദ്യമേ ആവശ്യപ്പെട്ടിട്ടുള്ളത് കൊച്ചിൻ-മധുര റെയിൽവേ ലൈൻ ആണ്. അതിനു പുറമേ കോട്ടയം-മധുര റെയിൽവേലൈൻ കൂടി ഉണ്ടാകുന്നത് നമുക്ക് സന്തോഷകരമായ ഒരു കാര്യമാണ്. ഈ രണ്ടു ലൈനും വേണമെന്ന് നമ്മുടെ സർക്കാർ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കോട്ടയം-മധുര റെയിൽവേ ലൈൻ ഇല്ല. നമുക്ക് അതിനു ഇനിയും കൂടുതൽ പെർസ്യൂ ചെയ്യേണ്ടതായിട്ടുണ്ട്. 1982-83-കാലഘട്ടത്തിൽ കൊച്ചി-ബോഡിനായ്ക്കന്നൂർ ബ്രോഡ്ഗേജ് ലൈൻ നിർമ്മിക്കുന്നതിനും ബോഡിനായ്ക്കന്നൂർ-മധുര മീറ്റർ ഗേജ് ആക്കുന്നതിനും കേന്ദ്രഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കൊച്ചിയിൽ നിന്ന് മധുരവരെ ഒരു ബ്രോഡ്ഗേജ് ലൈൻ നിർമ്മിക്കുന്ന കാര്യവും തത്വത്തിൽ അംഗീകരിച്ചുകൊണ്ട് അതിനുവേണ്ടിയുള്ള സർവ്വേ നടന്നിട്ടുണ്ട്. പ്രിലിമിനറി സർവ്വേ നടന്നതിനുശേഷം ആ പ്രിലിമിനറി സർവ്വേ നമ്മുടെ കമ്മീഷണറിനുവേണ്ടി അയച്ചിട്ടുണ്ട്. ഈ പ്രിലിമിനറി സർവ്വേ ഇപ്പോഴത്തെ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനുവേണ്ടി വച്ചിരിക്കുകയാണ്. അതനുസരിച്ച് നോക്കുമ്പോൾ പുതുതായി നിർമ്മിക്കുന്ന ലൈനിന് 127 കി.മീ. ദൈർഘ്യം ഉണ്ടായിരിക്കും. തട്ടുന്നിന്നും, പോരാനിക്കര, മുവാറ്റുപുഴ,

LIBRARY ARCHIVES Kerala Legislative Assembly

കോതമംഗലം, നേര്യമംഗലം, പനങ്കുട്ടി, പനങ്കുട്ടിറോഡ് എന്നീ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് കൊച്ചി–ധനുഷ്കോടി മധുര ലൈൻ പോകുന്നത്. ഇതിന് ഏതാണ്ട് 95 കോടി രൂപ ചെലവ് വരും. ഞാൻ ഇവിടെ കൊച്ചി–മധുര ലൈനിനെ പ്പറ്റിയാണ്, ഇപ്പോഴത്തെ കൂടുതൽ വിവരണം നൽകുന്നത്; കാരണം അതാണ് യാഥാർത്ഥ്യമായിട്ടുള്ള ഒരു കാര്യം. കൊച്ചി–മധുരയുടെ പ്രിലിമിനറി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. ബോർഡിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചിരിക്കുകയാണ്. അങ്ങനെ വരുമ്പോഴേക്കും നമുക്ക് കൂടുതൽ കാര്യങ്ങൾ വ്യക്തമാകും. റെയിൽവേ ബോർഡ് അത് അംഗീകരിച്ചുകഴിഞ്ഞാൽ ഡീറ്റെയിൽഡ് ആയിട്ടുള്ള ഒരു സർവ്വേ വേണ്ടി വരും. അതുകൊണ്ട് കോട്ടയം–മധുര ലൈൻ ഉപേക്ഷിച്ചു എന്ന് അർത്ഥമില്ല. കോട്ടയം–മധുര ലൈനിനുവേണ്ടി ഇനിയും കൂടുതൽ നമ്മുടെ സമ്മർദ്ദം ചെലുത്തണം. കാരണം എത്ര റെയിൽവേ ലൈൻ കിട്ടിയാലും നമുക്ക് മതിവരില്ല, റെയിൽവേയുടെ കാര്യത്തിന് ഇന്നും നമുക്കു അർഹമായ പരിഗണന ഇതേവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് കോട്ടയം—മധുര ലൈൻകൂടി നേടിയെടുക്കേണ്ടത് ഏറ്റവും വലിയ ഒരാവശ്യമാണ്.

ശ്രീ. ഇ.ജെ. ലൂക്കോസ്: ഏതായാലും ഏറ്റവും അടുത്ത അവസരത്തിൽ അങ്ങ് ഡൽഹി സന്ദർശിക്കുമ്പോൾ കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയോട് ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം കൂടി നൽകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി: എന്റേയോ ഗവൺമെന്റിന്റേയോ നിലപാടിനെത്തന്നെ അപഹാസ്യമാക്കുന്നതായല്ല, പോകുമ്പോഴൊക്കെ ഇത് പറയാറുണ്ട്, ഇനിയും പറയാം.

(3) തിരുവനന്തപുരത്ത് ആവശ്യമായ നഗരപരിഷ്കരണം

(ശ്രീ. ജി. കാർത്തികേയൻ 23–9–1985–ൽ ശ്രദ്ധക്ഷണിച്ചതിനു മറുപടി)

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം): വർഷങ്ങളായി അവഗണിക്കപ്പെടുകയും ആവശ്യത്തിന് പാലങ്ങളോ റോഡിന് വീതിയോ, പാർക്കിങ്ങ് സൗകര്യങ്ങളോ ഇല്ലാതെയും ഒന്നും തന്നെ ശ്രദ്ധിക്കപ്പെടാതെയും വളരെ മോശമായ സ്ഥിതിവിശേഷത്തിൽ വർഷങ്ങളായി ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന നമ്മുടെ തലസ്ഥാനനഗരിയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ആണ് അല്പമെങ്കിലും പുരോഗതിയുണ്ടായത്. തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം എന്തുമാത്രം പുരോഗമനം ഉണ്ടാക്കി എന്നും പുതിയ പദ്ധതികൾ ആവിഷ്കരിച്ചു എന്നും മനസ്സിലാക്കണം. ഈ പറഞ്ഞ പരാതികളും ആക്ഷേപങ്ങളും നേരത്തേതന്നെ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട അംഗം അത്രയധികം ശ്രദ്ധിച്ചിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും വളരുന്ന തലസ്ഥാന നഗരിയിൽ പ്രധാന വീഥികളും നിരത്തുകളും എല്ലാ ആധുനിക സജ്ജീകരണങ്ങളോടും സംവിധാനങ്ങളോടുംകൂടി പണി നടക്കുകയാണ്. ഫുട്പാത്തുകൾ, അതുപോലെ റോഡിന്റെ വീതി കൂട്ടുന്ന പരിപാടി, തുടങ്ങിയ വളരെ ചെലവു കൂടിയതുമായപണികൾക്ക് വളരെ കാലതാമസം എടുക്കുന്ന ഒരു പ്രക്രിയയാണ്

LIBRARY ARCHIVES Kerala Legislative Assembly